**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3981** **15-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയ ലൈസൻസികളെ കണ്ടെത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | 15 എണ്ണം. പുതുതായി ആരംഭിച്ചിട്ടുള്ള റേഷൻ കടകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് റേഷൻ കടകളുടെ ലൈസൻസ് ഏതെങ്കിലും കാരണവശാൽ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇവയുടെ ലൈസൻസ് പുന:സ്ഥാപിക്കുന്നതിനോ സ്ഥിരമായി റദ്ദ് ചെയ്യുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | താൽക്കാലികമായി അംഗീകാരം റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത റേഷൻ ഡിപ്പോകളുമായി ബന്ധപ്പെട്ട ഫയൽ തീർപ്പാക്കുന്നതിനായി ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെയും, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും 13/11/2021 മുതൽ 14/01/2022 വരെ അദാലത്തുകൾ സംഘടിപ്പിക്കുകയും, ആയതിൽ സ്ഥിരമായി റദ്ദ് ചെയ്ത ഡിപ്പോകളുടെ ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ റേഷൻകടകളുടെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ഉണ്ട്. അനന്തരാവകാശികൾ ഇല്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതുമായ റേഷൻ കടകളുടെ അംഗീകാരം സ്ഥിരമായി റദ്ദ് ചെയ്തിട്ടുണ്ട്. |
| (ഡി) | പുതിയ ലൈസൻസികളെ കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | സംസ്ഥാനത്ത് അനന്തരാവകാശികൾ ഇല്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദു ചെയ്തതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസി നിയമനത്തിനായി 06.12.2021 ലെ സ.ഉ.(കൈ) നം.35/2021/ഭ.പൊ.വി.വ പ്രകാരം സംവരണതത്വം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിന്റെ തുടർ നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | ജില്ല | താലൂക്ക് | ഗ്രാമപഞ്ചായത്ത് / സ്ഥലം | ഉത്തരവ് നമ്പർ |
|---|---|---|---|---|
| 1 | ഇടുക്കി | ദേവികുളം | ദേവികുളം– കുറ്റിയാർവാലി | സ.ഉ.(സാധാ) നം. 324/2021/ഭ.പൊ.വി.വ തീയതി. 17.08.2021 |
| 2 | കണ്ണൂർ | തളിപ്പറമ്പ് | നടുവിൽ – പോത്തുംകുണ്ട് | സ.ഉ.(സാധാ) നം. 441/2021/ഭ.പൊ.വി.വ തീയതി. 08.11.2021 |
| 3 | കണ്ണൂർ | തളിപ്പറമ്പ് | പരിയാരം – അമ്മാനപ്പാറ | സ.ഉ.(സാധാ) നം. 457/2021/ഭ.പൊ.വി.വ തീയതി. 17.11.2021 |
| 4 | കോഴിക്കോട് | കോഴിക്കോട് | പെരുമണ്ണ – പെരുമൺപുറ | സ.ഉ.(സാധാ) നം. 451/2021/ഭ.പൊ.വി.വ തീയതി. 11.11.2021 |
| 5 | തൃശ്ശൂർ | കുന്നംകുളം | ആനായ്ക്കൽ | സ.ഉ.(സാധാ) നം. 527/2021/ഭ.പൊ.വി.വ തീയതി. 23.12.2021 |
| 6 | തൃശ്ശൂർ | ചാവക്കാട് | പുന്ന | സ.ഉ.(സാധാ) നം. 16/2022/ഭ.പൊ.വി.വ തീയതി. 18.01.2022 |
| 7 | കോട്ടയം | കാഞ്ഞിരപ്പള്ളി | പാറത്തോട് – ഊരയ്ക്കനാട് | സ.ഉ.(സാധാ) നം. 33/2022/ഭ.പൊ.വി.വ തീയതി. 08.02.2022 |
| 8 | ആലപ്പുഴ | ചെങ്ങന്നൂർ | വെൺമണി – ഉളിയന്തറ | സ.ഉ.(സാധാ) നം. 49/2022/ഭ.പൊ.വി.വ തീയതി. 21.02.2022 |
| 9 | കണ്ണൂർ | ഇരിട്ടി | പായം – കേളൻ പീടിക | സ.ഉ.(സാധാ) നം. 50/2022/ഭ.പൊ.വി.വ തീയതി. 21.02.2022 |
| 10 | തിരുവനന്തപുരം | ചിറയിൻകീഴ് | അഴൂർ – ആറടിപ്പാത | സ.ഉ.(സാധാ) നം. 61/2022/ഭ.പൊ.വി.വ തീയതി. 24.02.2022 |
| 11 | തൃശ്ശൂർ | ചാവക്കാട് | കടപ്പുറം – മാട്ടുമ്മൽ | സ.ഉ.(സാധാ) നം. 62/2022/ഭ.പൊ.വി.വ തീയതി. 24.02.2022 |
| 12 | തിരുവനന്തപുരം | വർക്കല | ചെമ്മരുതി – മാവിൻമൂട് ഭവാനി ജംഗ്ഷൻ | സ.ഉ.(സാധാ)നം.69/2022/ ഭ.പൊ.വി.വ തീയതി. 26/02/2022 |
| 13 | കോഴിക്കോട് | വടകര | വില്യാപ്പിള്ളി – ബാങ്ക് | സ.ഉ.(സാധാ)നം.107/2022/ |

| | | | | |
|---|---|---|---|---|
| | | | റോഡ്(13ാം വാർഡ്) | ഭ.പൊ.വി.വ തീയതി. 26/03/2022 |
| 14 | കോഴിക്കോട് | വടകര | വില്യാപ്പിള്ളി – വൈക്കിലിശ്ശേരി(19ാം വാർഡ്) | സ.ഉ.(സാധാ)നം.177/2022/ ഭ.പൊ.വി.വ തീയതി. 20/05/2022 |
| 15 | കാസർഗോഡ് | ഹോസ്ദുർഗ്ഗ് | തൃക്കരിപ്പൂർ –ഇടയിലക്കാട് (വാർഡ്–2) | സ.ഉ.(സാധാ)നം.228/2022/ ഭ.പൊ.വി.വ തീയതി. 04/07/2022 |